പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 837 13/06/2012-ൽ മറുപടിക്ക്.

**കർഷക വാർദ്ധക്യകാല പെൻഷനുകളുടെ വിതരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സാമൂഹ്യക്ഷേമ പെൻഷനുകൾ (കർഷക പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവ) കൃത്യമായി വിതരണം ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഏതൊക്കെ പെൻഷനുകളിൽ എന്തു തുക വീതം വിതരണം ചെയ്യാനുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ ; | (ബി) 2012 മാർച്ചു വരെ കർഷക തൊഴിലാളി പെൻഷനും 2012 ഏപ്രിൽ വരെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള മറ്റു ക്ഷേമപെൻഷനുകളും വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) കുടിശ്ശിക പെൻഷൻ എന്നു മുതൽ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക തുക ഒന്നിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾ നൽകി വരുന്ന പെൻഷനുകളാണ് കുടിശ്ശികയായി കൊടുത്തുതീർക്കുവാനുണ്ടായിരുന്നത്. സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ മാത്രമേ അത്തരം പെൻഷനുകൾ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഇതിനാവശ്യമായി വരുന്ന തുക അഡീഷണൽ ആതറൈസേഷൻ വഴി ടി ബോർഡുകൾക്ക് നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻഓഫീസർ